LIBRARY ARCHIVES Kerala Legislative Assembly

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തവർ

87 [3492] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് ജില്ലയിലെ ഏലത്തൂർ, തലക്കുളത്തൂർ, അത്തോളി, ഉള്ളിയേരി, ബാലുശ്ശേരി, പനങ്ങാട്, നൻമണ്ട പഞ്ചായത്തുകളിൽനിന്ന് ആകെ എത്ര പേർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

കോഴിക്കോട് ജില്ലയിലെ ഏലത്തൂർ, തലക്കുളത്തൂർ, അത്തോളി, ഉള്ളിയേരി, ബാലുശ്ശേരി, പനങ്ങാട്, നൻമണ്ട എന്നീ പഞ്ചായത്തുകളിൽ നിന്നും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവരുടെ എണ്ണം ചുവടെ ചേർക്കുന്നു:

ഏലത്തൂർ	..	6614
തലക്കുളത്തൂർ	..	3325
അത്തോളി	..	6548
ഉള്ളിയേരി	..	5484
ബാലുശ്ശേരി	..	7269
പനങ്ങാട്	..	3631
നൻമണ്ട	..	4857
മൊത്തം	..	37928

കഴക്കൂട്ടത്തെ റൂറൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്

88 [3493] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴക്കൂട്ടത്ത് പ്രവർത്തിച്ചു വരുന്ന തിരുവനന്തപുരം റൂറൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ തിരുവനന്തപുരം നഗരാതിർത്തിയിലെ ഓഫീസുകളിലെ ഒഴിവുള്ള തസ്തികകൾ റിപ്പോർട്ട് ചെയ്യുന്നില്ലെന്നും ഇതുമൂലം റൂറൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി റിക്രൂട്ട്മെന്റ് ഒന്നും നടക്കുന്നില്ലെന്നുമുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നഗരത്തിലെ ആഫീസുകളിലുണ്ടാകുന്ന ഒഴിവുകളിലേയ്ക്ക് കഴക്കൂട്ടം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴിയും റിക്രൂട്ട്മെന്റ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?